I ഇ.ബി. XII - കേരള നിയമസഭ/XVI-2

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ഡിസംബർ 22, ബുധൻ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിര പ്രമേയം

സപ്ലൈകോ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിലെ മായം

മി. സ്പീക്കർ : സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളിൽ മായം ചേർന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയതിനെത്തുടർന്ന് ഉദ്യോഗസ്ഥർക്കും കരാറുകാർക്കും എതിരെ നടപടി സ്വീകരിക്കുന്നതിന് സെൻട്രൽ റേഞ്ച് വിജിലൻസ് എസ്.പി-യുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടും അതിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാതെ മായം കലർന്ന ഭക്ഷ്യവസ്തുക്കൾ നിർബാധം വിതരണം ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.എം. മാണി,

കെ.സി.ജോസഫ്, സി.ടി. അഹമ്മദ് അലി, കെ.പി. മോഹനൻ, കെ.ബി ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : വിജിലൻസ് അന്വേഷണത്തിനു ശേഷവും മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ നിർബാധം വിതരണം ചെയ്യുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ട 12-ാം തീയതിതന്നെ ഇതിന്മേൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടികളെടുക്കണമെന്ന് സപ്ലൈകോയ്ക്ക് നിർദ്ദേശം കൊടുത്തു. തൃശ്ശൂർ ഡിപ്പോയിലെ 4 ജീവനക്കാരെ അനിശ്ചിതകാലത്തേയ്ക്ക് സസ്പെന്റ് ചെയ്ത് അന്വേഷണം നടക്കുകയാണ്. എറണാകുളം ഡിപ്പോയിലെ ജൂനിയർ മാനേജരെ പിരിച്ചുവിടുകയും 28 സപ്ലയേഴ്സിൽ 14 പേരെ ബ്ലാക്ക്ലിസ്റ്റിൽപ്പെടുത്തുകയും അവരുടെ ഡെപ്പോസിറ്റ് തടഞ്ഞുവയ്ക്കാനും അവരുടെ പേരിൽ നോട്ടീസ് അയയ്ക്കാനും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടറിൽ പരാജയപ്പെട്ട ഒരു കച്ചവടക്കാരൻ ഹൈക്കോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ചത്. അവർ എടുത്ത 91 സാമ്പിളുകളിൽ കേവലം രണ്ടെണ്ണം മാത്രമാണ് നേരിയ തോതിൽ മായം ചേർത്തതായി പരിഗണിക്കാൻ കഴിയുന്നത്. സ്കൂളുകൾക്ക് നൽകുന്ന പയറ് വിഷാംശം കലർന്നതാണെന്നാണ് ചില സ്വകാര്യ ചാനലുകൾ പ്രചരിപ്പിക്കുന്നത്. എന്നാൽ വിജിലൻസ് റിപ്പോർട്ടിൽ ചെറുപയർ പരിപ്പിലാണ് ടെട്രോക്സിൻ എന്ന കളർ കണ്ടെത്തിയത്. പരിപ്പ് സ്കൂൾ കുട്ടികൾക്ക് കൊടുക്കുന്നില്ല. ഇക്കാര്യം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടയുടനെ വിതരണം തടഞ്ഞിരിക്കുകയാണ്. വസ്തുതാപരമല്ലാത്ത കാര്യമാണ് ഇതുമായി ബന്ധപ്പെട്ട് പ്രചരിപ്പിക്കുന്നത്. സർക്കാർ ഇക്കാര്യത്തിൽ ഗൗരവമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കുറ്റവാളികളെ ശിക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ.എം. മാണി: ഇത്രയും ഗുരുതരമായ വിഷയം സംബന്ധിച്ച് വളരെ ലാഘവത്തോടെയും വസ്തുതകൾ മറച്ചുവച്ചുമാണ് വകുപ്പുമന്ത്രി മറുപടി പറഞ്ഞിരിക്കുന്നത്. തിരുവനന്തപുരം പബ്ളിക് അനലിസ്റ്റ് ലബോറട്ടറിയുടെ പരിശോധനാ റിപ്പോർട്ടിൽ പറയുന്നത് വിവിധ കമ്പനികൾ കൊടുത്ത ഭക്ഷ്യവസ്തുക്കളിൽ 24 ഐറ്റവും വിഷാംശം ഉള്ളതാണെന്നാണ്. കുഞ്ഞുങ്ങൾക്ക് ഉച്ചക്കഞ്ഞിയോടൊപ്പം കൊടുക്കുന്ന ചെറുപയറിൽ ടെട്രോക്സിൻ ചേർക്കുന്നതിലൂടെ അവർ നിത്യരോഗികളായി മാറുകയാണ്. കഴിഞ്ഞ നാലര വർഷമായി കേരളത്തിൽ രാസവസ്തുക്കൾ ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ പേരിൽ മാത്രമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്രേഷൻ റൂൾസിൽ പ്രതിപാദിക്കുന്ന ഗുണനിലവാരം സപ്ളൈകോ വിതരണം ചെയ്യുന്ന പല ഭക്ഷ്യസാധനങ്ങൾക്കുമില്ല. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതായി 22-09-2009-ൽ കോഴിക്കോട് പുതിയങ്ങാടിയിലെ ഒരു വ്യാപാരി സപ്ലൈകോയിൽ പരാതി നൽകിയിട്ടും ഫലമുണ്ടാകാതിരുന്നതിനെത്തുടർന്ന് വിജിലൻസിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചില ഡിപ്പോകൾ റെയ്ഡ് ചെയ്യുകയും സാധനങ്ങൾ പരിശോധനയ്ക്ക് അയയ്ക്കുകയുമുണ്ടായി. അഡൾട്രേഷൻ നടന്നിട്ടുണ്ടെന്ന് തെളിയിക്കുന്ന അനലിസ്റ്റ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ള

വിജിലൻസ് റിപ്പോർട്ടിന്മേൽ നടപടിയുണ്ടാകാത്തതിനാൽ വ്യാപാരി ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഷോക്കിംഗ് ആണെന്നും അഡൾട്രേഷൻ സംബന്ധിച്ച prima facie കേസ് ആണെന്നും കരാറുകാരുടെ പേമെന്റ് തടഞ്ഞു വയ്ക്കണമെന്നും ഹൈക്കോടതി പറയുകയുണ്ടായി. കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്. ഒരേ സാധനംതന്നെ വ്യത്യസ്ത ഇനത്തിൽ വിപണിയിൽ ഉള്ളതിനാൽ സാധാരണക്കാരന് ഇവ തമ്മിലുള്ള അന്തരം കണ്ടെത്താൻ സാധിക്കാത്തതുകൊണ്ട് വലിയ വില കൊടുത്ത് സാധനം വാങ്ങാൻ നിർബന്ധിതരാകുകയാണ് ചെയ്യുന്നത്. ഈ വ്യത്യസ്ത ഇനങ്ങൾ തമ്മിലുള്ള വില വ്യത്യാസം ഒരു ലോഡിന് ഒരു ലക്ഷം രൂപ വരെ യുണ്ടാകുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. ഗ്രേഡ് കുറഞ്ഞ ഇനം സാധന ങ്ങൾ വാങ്ങി വലിയ വിലയ്ക്ക് വിൽക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ കഴിഞ്ഞ നാലര വർഷമായി സപ്ലൈകോ ഭക്ഷ്യസാധനങ്ങൾ വാങ്ങിയതിലൂടെ ഓരോ ലോഡിലും 20000 രൂപ വച്ച് കൈക്കൂലി വാങ്ങിയിട്ടുണ്ടെന്നാണ് റിപ്പോർട്ടിന്റെ സാരാംശം. ഇത്രയും തുക ഏതെല്ലാം കേന്ദ്രങ്ങളിൽ ചെന്നെത്തിയെന്ന് വ്യക്തമാക്കാൻ തയ്യാറാകണം. വിജിലൻസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് മാനേജർ (ക്വാളിറ്റി കൺട്രോൾ), ഡിപ്പോയിലെ ഉദ്യോഗസ്ഥർ എന്നിവർ ഇടപെട്ടിട്ടുണ്ടെന്നാണ്. പ്രസ്തുത കരാറുകാർക്കെ തിരെ നടപടി സ്വീകരിച്ചോയെന്നും അഴിമതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും സീനിയർ ഉദ്യാഗസ്ഥർക്കെതിരെ കേസെടുത്തോയെന്നും വ്യക്തമാക്കണം. ഹൈക്കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്യാൻ അവധി ചോദിക്കുകയും കോടതിയിൽനിന്ന് രക്ഷപ്പെടാൻ കഴിയാതെ വന്നപ്പോൾ രണ്ട് ജൂനിയർ

ഉദ്യാഗസ്ഥർക്കെതിരെ നടപടിയെടുത്തുവെന്ന് പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്നത് ശരിയല്ല. വിജിലൻസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം സീനിയർ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുകയോ ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ കഴിയുന്നതുവരെ സപ്ലയർമാർക്കുള്ള പേമെന്റ് വിത്ഹെൽഡ് ചെയ്യണമെന്ന നിർദ്ദേശം പാലിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇത്തരത്തിലുള്ള റാക്കറ്റിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടുപിടിക്കാൻ ജുഡീഷ്യൽ അന്വേഷണം നടത്തണം. പ്രസ്തുത വിഷയത്തിന്മേൽ സഭാനടപടികൾ നിറുത്തിവച്ച് വിശദമായി ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി.ദിവാകരൻ): സപ്ലയേഴ്സിനെതിരെ നടപടിയെടുത്തത് സംബന്ധിച്ച് ഗവൺമെന്റ് ഓർഡർ ഉണ്ട്. മുഴുവൻ സ്റ്റോക്ക് പേമെന്റും സർക്കാർ നിറുത്തലാക്കി. സർക്കാർ ഇനിയും ഇതുസംബന്ധിച്ച് എല്ലാ നടപടികളും സ്വീകരിക്കുന്നതായിരിക്കും. സപ്ളൈകോയിൽ സപ്ലൈ ചെയ്തുകൊണ്ടിരുന്ന ഒരാൾക്ക് ഇ-ടെൻഡർ കിട്ടാത്തതുകൊണ്ട് സർക്കാരിനെതിരെ ആരോപണമുന്നയിച്ചതാണ് പ്രതിപക്ഷം ഇവിടെ ഉയർത്തിക്കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിച്ച മുരളീധരൻ കമ്മീഷന്റെ റിപ്പോർട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് നടപ്പിലാക്കിയത്. അതുപ്രകാരം സി.ബി.ഐ.-യെയോ സ്റ്റേറ്റിനു പുറത്തുള്ള മറ്റേതെങ്കിലും ഏജൻസിയേയോ കൊണ്ട് അന്വേഷണം നടത്തണമെന്നാണ്. പ്രതിയെ സംബന്ധിച്ചുള്ള സി.ബി.ഐ. കേസ് പുറത്തു വന്നിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുറ്റാരോപിതനായ ആൾ നിരപരാധിയായതിനാൽ ഈ സർക്കാരിന്റെ കാലത്ത് തിരിച്ചെടുക്കുകയുണ്ടായി. അതിനുശേഷം യഥാർത്ഥ കുറ്റവാളികളെ പുറത്തു കൊണ്ടുവരാൻ വേണ്ടി ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിനെക്കൊണ്ട്

അന്വേഷിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് ഗവണ്മെന്റിന്റെ നടപടികൾ സുതാര്യമാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): അതീവഗുരുതരമായ ഈപ്രശ്നം സംബന്ധിച്ച് എസ്.പി. റിപ്പോർട്ട് നൽകി ദിവസങ്ങൾക്കുശേഷം മാത്രമാണ് വിതരണം നിറുത്തിവയ്ക്കാൻ ബന്ധപ്പെട്ട വകുപ്പുമന്ത്രി ഉത്തരവിടുന്നത്. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തിൽ ജൂഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇതിനകം തന്നെ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഒരാളെ പിരിച്ചുവിടുകയും നാലുപേരെ സസ്പെന്റ് ചെയ്യുകയും ചെയ്തു. ജുഡീഷ്യൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുമെന്നതിനാൽ ഇതു സംബന്ധിച്ച വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് വകുപ്പുമന്ത്രി ഉറപ്പു നൽകിയിരിക്കുകയാണ്.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

(1) <u>സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: കേരളത്തിലെ റോഡുകളുടെ സ്ഥിതി അതിദയനീയമാണ്. ഹൈക്കോടതി ഐഡന്റിഫൈ ചെയ്ത ശബരിമലയിലേയ്ക്കുള്ള പ്രധാനപ്പെട്ട പാതകൾപോലും സഞ്ചാരയോഗ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എം.ഡി.ആർ. ആക്കിയ റോഡുകളുടെ പണിപോലും ഈ ഗവൺമെന്റ് തടഞ്ഞിരിക്കുകയാണ്. മഴയ്ക്ക് മുമ്പ് ചെയ്തുതീർക്കേണ്ട പണികളെക്കുറിച്ചുള്ള എസ്റ്റിമേറ്റുകൾ താഴെത്തട്ടിൽ നിന്ന് ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചുവെങ്കിലും വർക്ക് എക്സിക്യൂട്ട് ചെയ്യാൻ കഴിഞ്ഞില്ല. റോഡു വർക്കുകൾ സമയബന്ധിതമായി തീർക്കാൻ അടിയന്തിര നടപടിയുണ്ടാകണം. ഫിനാൻസ് വകുപ്പിന്റെ അനാവശ്യ പരിശോധനകൾ പി.ഡബ്ല്യു.ഡി. റോഡുകളുടെ പുനരുദ്ധാരണത്തെയും റീ-ടാറിംഗിനെയും ബാധിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: കാലം തെറ്റിയുണ്ടായ കാലവർഷമാണ് കേരളത്തിലെ റോഡുകൾ തകരാറിലാക്കിയത്. ഈ സർക്കാർ റോഡുകളുടെ സ്ഥിതിയെക്കുറിച്ച് റിവ്യൂ നടത്തുന്നത് ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുകയും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ക്രൈസിസ് മാനേജുമെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. സർക്കാർ-സർക്കാരിതര റോഡുകൾ പുതുക്കിപ്പണിയുന്നതിന് ഒരു പ്രത്യേക റിന്യൂവൽ പാക്കേജ് ഉൾപ്പെടെ 983 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. പണികൾ സമയബന്ധിതമായി നടത്തുന്നതിന് ഉദ്യോഗ

സ്ഥർക്കുള്ള അധികാരം ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നാഷണൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റോഡ് സേഫ്റ്റി അതോറിറ്റി, ബോർഡർ റോഡ് ഓർഗനൈസേഷൻ, ഡിഫൻസ് ഉൾപ്പെടെയുള്ളവരുടെ സഹായത്തോടെ ഏത് കാലാവസ്ഥയിലും നിലനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും അവരുടെ പരാതി പരിഹരിക്കാനുമായി 30 ടോൾ ഫ്രീ കാൾ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ജനപ്രതിനിധികളെയുൾപ്പെടെ പങ്കാളികളാക്കിക്കൊണ്ട് ഒരു മാധ്യമ ഉപദേശകസമിതി രൂപീകരിച്ചിട്ടുണ്ട്. ശബരിമലയിലേയ്ക്കുള്ള റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനുബന്ധറോഡുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 9 കോടി രൂപ ചെലവഴിക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. ശബരിമലയിൽ അറ്റകുറ്റപ്പണി ഓരോ വർഷവും നടത്തുന്നതിന് പകരമായി 5 വർഷത്തിലൊരിക്കൽ പണി നടത്തുന്നതിനായി ഹെവി മെയിന്റനൻസ് പാക്കേജ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. റോഡുകളുടെ മെയിന്റനൻസ് പണികൾ ചുരുങ്ങിയ ദിവസംകൊണ്ട് പൂർത്തീകരിക്കുന്നതാണ്.

(2) <u>തൊഴിലുറപ്പ് പദ്ധതി</u>

<u>ശ്രീ. പി. ജയരാജൻ:</u> കേന്ദ്രഗവൺമെന്റിന്റെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. മറ്റ് പല സംസ്ഥാനങ്ങളിലും വിവിധതരം പരാതികൾ നിലനിൽക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിപ്രകാരം സംസ്ഥാന

ത്തിന് അനുവദിച്ച 356 കോടി രൂപയിൽ 300 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ആ ഫണ്ട് കൃത്യമായി അനുവദിക്കാനും കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താനുമുള്ള സാഹചര്യമുണ്ടാക്കണം. കേന്ദ്ര തൊഴിലുറപ്പ് നിയമപ്രകാരം അതത് സംസ്ഥാനത്ത് നിലവിലുള്ള മിനിമം കൂലി കൊടുക്കണമെന്നതാണ് വ്യവസ്ഥ. കേരളത്തിലെ മിനിമം കൂലി 200 രൂപയായിരുന്നിട്ടും ഈ പദ്ധതിപ്രകാരം നൽകുന്നത് 125 രൂപയാണ്. അത് 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടെങ്കിലും കേന്ദ്രഗവൺമെന്റ് അതിന് തയ്യാറാകുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന മുഴുവൻ പേർക്കും മിനിമം കൂലിയായ 200 രൂപ നൽകുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2010-11 സാമ്പത്തിക വർഷത്തേയ്ക്ക് 1131.94 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും ആദ്യ ഗഡുവെന്ന നിലയിൽ വിവിധ ജില്ലകൾക്കായി 235.08 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ തുകയുടെ 60 ശതമാനം ചെലവഴിച്ചുകഴിയുമ്പോൾ അടുത്ത ഗഡുവിന് നിയമപരമായി അർഹതയുണ്ട്. അനുവദിച്ച ഫണ്ട് ജില്ലകളുടെ അക്കൗണ്ടുകളിലേയ്ക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുകയും രണ്ടാം ഗഡു പണം അനുവദിക്കുന്നതിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രസർക്കാർ നിഷ്ക്കർഷിച്ചിരുന്ന നിബന്ധനകൾക്കനുസരി

ച്ചാണ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. കൃത്യസമയത്തിനകം അപേക്ഷകൾ സമർപ്പിച്ചെങ്കിലും രണ്ടാംഗഡു അനുവദിക്കുന്നതിൽ കാലതാമസമുണ്ടായി. കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം കൂലി നിശ്ചയിക്കുന്നതു വരെ അതത് സംസ്ഥാനത്ത് നിലവിലുള്ള മിനിമം കൂലിയാണ് നൽകേണ്ടത്. അതനുസരിച്ചാണ് 2006 ഫെബ്രുവരിയിൽ നിലവിലുണ്ടായിരുന്ന 125 രൂപ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ മിനിമം വേതനമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചത്. സംസ്ഥാനത്ത് 10-08-09 മുതൽ കർഷകത്തൊഴിലാ ളികളുടെ മിനിമം കൂലി 200 രൂപയായി വർദ്ധിപ്പിച്ചതുകൊണ്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കൂലിയും വർദ്ധിപ്പിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നെങ്കിലും സംസ്ഥാനത്തെ മിനിമം കൂലി 125 രൂപയാക്കി നിലനിർത്തിക്കൊണ്ട് കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടാ യത്. ഇത് 1948-ലെ മിനിമം കൂലി നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധ മാണ്. ഇതോടുകൂടി നിയമപരമായി തൊഴിലാളികൾക്ക് അർഹതപ്പെട്ട മിനിമം വേതനം നിഷേധിക്കപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം വേതനം 200 രൂപയാക്കി ഉയർത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗ്രാമവികസന പഞ്ചായത്ത് രാജ് മന്ത്രിക്കും പ്രധാനമന്ത്രിക്കും കത്തുകളയച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സഭയുടെ പൊതുവികാരം കേന്ദ്രഗവൺമെന്റിനെ അറിയിക്കുന്നതായിരിക്കും.

## സബ്മിഷൻ

(1) <u>മംഗലാപുരം വിമാനാപകടത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം</u>

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: ദുബായിൽ നിന്നും മംഗലാപുരത്തേ യ്ക്കുള്ള യാത്രയ്ക്കിടയിൽ മംഗലാപുരം വെസ്റ്റ് എയർപോർട്ടിൽ വച്ചുണ്ടായ

വിമാനാപകടത്തിൽപ്പെട്ട് മരണമടഞ്ഞവരുടേയും പരിക്കേറ്റവരുടേയും കുടുംബങ്ങൾക്ക് നൽകുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി പ്രഖ്യാപിച്ചിരുന്ന നഷ്ടപരിഹാരത്തുക ഇതുവരെയും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ അത് നൽകിത്തീരുന്നതുവരെ കാസർകോഡ് കേന്ദ്രമാക്കി ഒരു മോണിട്ടറിംഗ് കമ്മിറ്റി പ്രവർത്തിപ്പിക്കാനും അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് വിവേചനം കൂടാതെ നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : മംഗലാപുരം വിമാന അപകടത്തിൽ നഷ്ടപരിഹാരം നൽകിയത് സംബന്ധിച്ച എയർ ഇന്ത്യയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിമാനാപകടത്തിൽ മരിച്ചവരിൽ 12 വയസ്സിന് മുകളിലുള്ളവർക്ക് 10 ലക്ഷം രൂപയും 12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് 5 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 2 ലക്ഷം രൂപയും വീതം എയർ ഇന്ത്യ അടിയന്തിര സഹായം പ്രഖ്യാപിക്കുകയും 14 കോടി 16 ലക്ഷം രൂപ ഈ ഇനത്തിൽ വിതരണം ചെയ്യുകയും 22 കേസ്സുകളിൽ തീർപ്പാക്കുകയും 9 കോടി 25 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കാര്യേജ് ബൈ എയർ ആക്റ്റ് 1972 നിർണ്ണയിച്ചിട്ടുള്ള proof of loss പ്രകാരം അപകടത്തിൽപ്പെടുന്ന ഓരോ കേസ്സും പ്രത്യേകം പരിഗണിച്ച് അപകടംമൂലം കുടുംബാംഗങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം തീരുമാനിക്കപ്പെടുന്നത്. ഇതിനായി അവകാശികൾ സമർപ്പിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ഇവരുമായി ചർച്ചകൾ അനിവാര്യമായതിനാലാണ് നഷ്ടപരിഹാരം തീരുമാനിക്കാൻ കാലതാമസമുണ്ടാകുന്നത്. ഈ കാലതാമസം ഒഴിവാക്കാൻ കഴിയാത്തതിനാലാണ് അടിയന്തിര സഹായം

അനുവദിക്കുന്നത്. നഷ്ടപരിഹാര വിതരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ എയർ ഇന്ത്യയിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. വിമാനാപകടത്തിൽ മരണമടഞ്ഞ കേരളീയരുടെ കുടുംബങ്ങൾക്ക് 3 ലക്ഷം രൂപ വീതവും ആംബുലൻസ് ചെലവായ 2000 രൂപ വീതവും മുഖ്യമന്ത്രി യുടെ ദുരിതാശ്വാസനിധിയിൽനിന്നും സംസ്ഥാന സർക്കാരിന്റെ ധനസഹായ മായി അനുവദിച്ചിട്ടുണ്ട്.

(2) വിദ്യാലയങ്ങളിൽ മലയാളം ഒന്നാം ഭാഷയാക്കുന്നതിന് നടപടി

ശ്രീ. സി.പി. മുഹമ്മദ് : സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒന്നാം ഭാഷയായി നിർബന്ധമാക്കുന്നതിന് സ്വീകരിക്കേണ്ട പ്രായോഗിക നടപടികൾ സംബന്ധിച്ച് കരിക്കുലം കമ്മിറ്റി നിയോഗിച്ച ഉപസമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(3) ഇരിങ്ങാലക്കുട മാർത്തോമാ ഹോളിക്രോസ് ദേവാലയത്തിലെ തിരുശേഷിപ്പ് മോഷണംപോയ സംഭവം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. ബി.ഡി. ദേവസ്സി എം.എൽ.എ-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. തോമസ് ഉണ്ണിയാടൻ :ഏഷ്യയിലെ ഏറ്റവും പ്രസിദ്ധമായ തീർത്ഥാ ടന കേന്ദ്രമായ ഇരിങ്ങാലക്കുടയിലെ മാപ്രാണം ഹോളിക്രോസ് ദേവാലയത്തിൽനിന്നും മോഷണംപോയ മൂന്ന് തിരുശേഷിപ്പുകൾ വീണ്ടെ ടുക്കുന്നതിനും പ്രതികളെ പിടികൂടുന്നതിനും ഒരു വിദഗ്ദ്ധ സംഘത്തെ നിയോഗിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഇരിങ്ങാലക്കുടയിലെ മാപ്രാണം ഹോളി ക്രോസ് ദേവാലയത്തിലെ തിരുശേഷിപ്പുകൾ മോഷണം പോയ സംഭവത്തിൽ ഇരിങ്ങാലക്കുട പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഉന്നത പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലം സന്ദർശിക്കുകയും ഇരിങ്ങാലക്കുട എ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ കേസ് അന്വേഷണത്തിന് ചുമതലപ്പെടുത്തുകയും ചെയ്തു. മോഷ്ടിക്കപ്പെട്ട വസ്തുക്കളുടെ വിവരവും ഫോട്ടോഗ്രാഫുകളും ചേർത്ത് ക്രൈം മെമ്മോകൾ മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഡി.സി.ആർ.ബി-യിലേയ്ക്കും അയച്ചും അന്വേഷണ സംഘത്തെ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് അയച്ചും സമഗ്രമായ അന്വേഷണം നടത്തിവരികയാണ്. അന്വേഷണ പുരോഗതി ദിവസവും വിലയിരുത്തുന്നതിനുവേണ്ടി തൃശ്ശൂർ ഐ.ജി-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതിയെ പിടികൂടുന്നതിനുള്ള എല്ലാ നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കും.

(4) ഷിജാദിന്റെ മരണം

ശ്രീ. കെ. രാജു : കൊല്ലം ജില്ലയിൽ തെന്മല ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ഷിജാദ് കൊലചെയ്യപ്പെട്ട സംഭവത്തിൽ ശാസ്ത്രീയമായ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഷിജാദ് കൊല ചെയ്യപ്പെട്ട സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പുനലൂർ ഡിവൈ.എസ്.പി-യുടെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക സംഘം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം

റേഞ്ച് ഐ.ജി. സംഭവസ്ഥലം സന്ദർശിക്കുകയും ശാസ്ത്രീയമായ നിലയിൽ അന്വേഷണം നടത്താനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രതികളെ പിടികൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ മറ്റ് ഏജൻസികളെക്കൊണ്ട് അന്വേഷിക്കുന്നത് സംബന്ധിച്ചും സർക്കാർ ആലോചിക്കുന്നതാണ്.

(5) ആറളം ഫാമിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സംസ്ഥാന ഫാമുകളിലേതുപോലെ ആറളം ഫാമിലെ തൊഴിലാളികളുടേയും സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : സംസ്ഥാന സർക്കാരിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ആറളം ഫാമിലും സ്റ്റേറ്റ് അഗ്രിക്കൾച്ചർ ഫാമിലെ തൊഴിലാളികൾക്ക് കൃഷി വകുപ്പ് അനുവദിച്ച രീതിയിൽ ശമ്പള പരിഷ്ക്കരണം വേണമെന്നാവശ്യപ്പെട്ട് യൂണിയനുകൾ സമരത്തിന് നോട്ടീസ് നൽകിയതനുസരിച്ച് കണ്ണൂർ ജില്ലാ കളക്ടർ യൂണിയനുകളുമായി ചർച്ച നടത്തുകയും 01-01-2006 മുതൽ പ്രാബല്യത്തോടുകൂടി തൊഴിലാളികൾക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കണമെന്ന് സർക്കാരിന് ശുപാർശ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 5-3-2010-ന് സംസ്ഥാന സർക്കാരും യൂണിയനുകളും തമ്മിൽ കരാറാവുകയും 01-01-2010 മുതൽ പ്രാബല്യത്തോടുകൂടി ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ ധാരണയുമായി. ഒരാഴ്ച

യ്ക്കകം ഇതു സംബന്ധിച്ച അന്തിമ ഉത്തരവ് മന്ത്രിസഭാ അംഗീകാരത്തോടു കൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(6) രണ്ട് രൂപാ നിരക്കിൽ അരി ലഭ്യമാക്കുന്ന പദ്ധതി

ശ്രീ. എ. എ. അസീസ്: പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞ് ക്ഷേമനിധി പെൻഷൻകൊണ്ട് ഉപജീവനം നടത്തുന്നവരെക്കൂടി രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്താനും ഇരവിപുരം നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള വിലനിർണ്ണയത്തിന്റെ കാര്യത്തിൽ കൃത്യത വരുത്താനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : 25-05-2010-ലെ സർക്കാർ ഉത്തരവുപ്രകാരം സർക്കാർ-പൊതുമേഖലാ-സഹകരണ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, പെൻഷൻകാർ, ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ തുടങ്ങിയവരെയാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യത്തിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതെങ്കിലും പരമ്പരാഗത വ്യവസായങ്ങളിൽനിന്ന് പിരിഞ്ഞ് ക്ഷേമനിധി പെൻഷൻ വാങ്ങുന്നവരുൾപ്പെടെ അസംഘടിത മേഖലയിലെ പെൻഷൻപറ്റി പിരിഞ്ഞ എല്ലാ തൊഴിലാളികൾക്കും പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവർക്കുകൂടി പദ്ധതി ആനുകൂല്യം നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള തുക 40,000 രൂപയാക്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുന്നതും മൂന്ന് വർഷത്തെ വാടക എന്നത് രണ്ട് വർഷമാക്കി കുറയ്ക്കുന്നതുമാണ്.

(7) കേരള കോ-ഓപ്പറേറ്റീവ് പെൻഷനേഴ്സ് അസോസ്സിയേഷൻ നടത്തുന്ന സെക്രട്ടേറിയറ്റ് ധർണ്ണ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സഹകരണ മേഖലയിൽ വൺ റാങ്ക് വൺ പെൻഷൻ സംവിധാനം ഏർപ്പെടുത്താനും അവരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച കമ്മീഷന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കുന്നതിനും പെൻഷൻ ഫണ്ട് ബോർഡിൽ ഇവരുടെ പ്രതിനിധികളെ ഉൾപ്പെടുത്താനും പെൻഷൻ ചട്ടങ്ങളിൽ കാലോചിതമായ മാറ്റം വരുത്താനും 2500 രൂപയായി പെൻഷൻ തുക നിജപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ഈ ഗവൺമെന്റ് വന്നതിനുശേഷം സഹകരണ മേഖലയിലെ എല്ലാ വിഭാഗം ജീവനക്കാർക്കും പെൻഷൻ, മെഡിക്കൽ അലവൻസ്, ഫാമിലി പെൻഷൻ എന്നിവ ഏർപ്പെടുത്തുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയുമുണ്ടായി. ഇവരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. പെൻഷൻകാർക്ക് പരമാവധി സഹായങ്ങൾ ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. നിയമത്തിനുള്ളിൽനിന്ന് സാധ്യമായ എല്ലാ ആനുകൂല്യങ്ങളും ചെയ്യുമെന്നിരിക്കെ പെൻഷൻ ബോർഡ് ഇല്ലാതാക്കുന്ന വിധത്തിലുള്ള ആവശ്യങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. ഇക്കാര്യം ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്.

(8) പ്രകൃതിക്ഷോഭത്തിൽ പൂഞ്ഞാർ മണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. പി. സി. ജോർജ് : സംസ്ഥാനത്തുണ്ടായ വ്യാപകമായ പേമാരിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കടലാട്, മേലു

കാവ്, തീക്കോയി തുടങ്ങിയ മേഖലകളിൽ ദുരന്തത്തിന് ഇരയായവർക്കും കർഷകർക്കും ഉണ്ടായ നാശനഷ്ടത്തിന് പരിഹാരമുണ്ടാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : പൂഞ്ഞാർ, പാലാ, പുതുപ്പള്ളി, വാഴൂർ തടുങ്ങിയ മേഖലകളിലും തിരുവനന്തപുരം ജില്ലയുടെ ചില പ്രാന്തപ്രദേശങ്ങളിലും കനത്ത വെള്ളപ്പൊക്കമുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കൃഷി-പൊതുമരാമത്ത്-റവന്യൂ വകുപ്പുമന്ത്രിമാരുടെ മൂന്ന് യോഗം ഇതിനോടകം ചേരുകയും ഇതുമായി ബന്ധപ്പെട്ട പഠനവും അനുബന്ധ പ്രവർത്തനങ്ങളും നടക്കുന്നുമുണ്ട്. സംഭവത്തിന്റെ രൂക്ഷത കേന്ദ്രഗവൺമെന്റ് മുമ്പാകെ അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തരവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം ഈ മാസം 27, 28, 29 എന്നീ തീയതികളിൽ ദുരന്ത ബാധിത സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗവൺമെന്റ്തല ചർച്ചകൾ നടത്തുന്നതും കേന്ദ്ര ഗവൺമെന്റിൽനിന്നും കൂടുതൽ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

(9) പൂഴിക്കുന്നിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. ആർ. സെൽവരാജ്: പാറശ്ശാല നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ പൂഴിക്കുന്ന് കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ.ബാലൻ): 25000 ഉപഭോക്താക്കളും 100 ചതുരശ്ര കി. മീറ്ററിൽ കൂടുതൽ വിസ്തൃതിയും പ്രത്യേക ഭൂപ്രകൃതിയും കണക്കിലെടുത്താണ്

സെക്ഷനുകൾ വിഭജിക്കുന്നത്. 50 ചതുരശ്ര കി.മീറ്റർ വിസ്തൃതിയും 23000 ഗുണഭോക്താക്കളുമുള്ള തിരുവനന്തപുരം ജില്ലയിലെ ഉദിയൻകുളങ്ങര സെക്ഷൻ ഓഫീസ് നിലവിലുള്ള മാനദണ്ഡം അനുസരിച്ച് വിഭജിക്കാൻ സാധിക്കുന്നതല്ല.

(10) ഇടക്കൊച്ചി രാജ്യാന്തര ക്രിക്കറ്റ് സ്റ്റേഡിയം

ശ്രീ. സി.എം. ദിനേശ്മണി: എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കേന്ദ്രമാക്കി ഒരു രാജ്യാന്തര ക്രിക്കറ്റ് സ്റ്റേഡിയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ക്രിക്കറ്റ് സ്റ്റേഡിയം എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിൽ നിർമ്മിക്കണമെന്ന ഒരു പ്രൊപ്പോസൽ കേരള ക്രിക്കറ്റ് അസോസിയേഷൻ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ ഉന്നതതല കോൺഫറൻസ് വിളിച്ചുകൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(11) തൃശ്ശൂർ-പൊന്നാനി സമഗ്രകോൾ വികസന പദ്ധതി

ശ്രീ. മുരളി പെരുനെല്ലി: നെല്ലുൽപ്പാദന രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയുന്ന തൃശ്ശൂർ-പൊന്നാനി സമഗ്രകോൾ വികസന പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): തൃശ്ശൂർ-പൊന്നാനി കോൾമേഖലയുടെ സമഗ്രവികസനത്തിനായി 500 കോടി രൂപയുടെ ഒരു

പദ്ധതി ഗവൺമെന്റിന്റെ മുന്നിലുണ്ട്. അത് കർഷകർ, തൃശ്ശൂർ/പൊന്നാനി കോൾ വികസന ഏജൻസികൾ, എം.എൽ.എ.-മാർ മറ്റ് ബന്ധപ്പെട്ട ജനപ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ കഴിഞ്ഞതിനുശേഷം ഗവൺമെന്റിലും പിന്നീട് കേന്ദ്രത്തിലും സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരികയാണ്.

(12) <u>പത്തനാട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്</u>

<u>പ്രൊഫ: എൻ. ജയരാജ്</u>: കറുകച്ചാൽ സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്ത് പത്തനാട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ. എ.കെ.ബാലൻ)</u>: കറുകച്ചാൽ സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്ത് പത്തനാട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കെ.എസ്.ഇ.ബി.യോട് നിർദ്ദേശിക്കുന്നതാണ്.

(13) <u>മാള-നെയ്തക്കുടി-ചുങ്കം റോഡ്</u>

<u>ശ്രീ. എ.കെ. ചന്ദ്രൻ:</u> തകർന്നുകിടക്കുന്ന തൃശ്ശൂർ ജില്ലയിലെ മാള-നെയ്തക്കുടി-ചുങ്കം റോഡ് എത്രയും പെട്ടെന്ന് പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> പ്രസ്തുത റോഡ് നിർമ്മാണം റെന്യൂവൽ പാക്കേജിൽപ്പെടുത്തി 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(14) തലസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരം റോഡ് വികസനവുമായി ബന്ധപ്പെട്ട ബൃഹദ്പദ്ധതി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കാതെ ആരംഭിച്ച പദ്ധതികളുടെ കരാർ 2009-ൽ പുതുക്കുകയും അതനുസരിച്ച് രണ്ട് റോഡുകൾ ഒഴിച്ച് തലസ്ഥാനത്തെ മറ്റ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മഴമൂലം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ സമയത്ത് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല; രണ്ട് മാസത്തിനകം പണികൾ പൂർത്തിയാക്കി റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

1) കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ.കെ.എം.മാണി: ഒരു ദിവസം രണ്ട് ബില്ലുകൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ബി.എ.സി. റിപ്പോർട്ടിൽ ഭേദഗതി വരുത്തണം. രണ്ട് ബില്ലുകളിന്മേലുള്ള ചർച്ച തന്നെ ഒരു ദിവസംകൊണ്ട് പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നിരിക്കെ മൂന്ന് ബില്ലുകൾ ഒരു ദിവസം ചർച്ചയ്ക്കെടുക്കുന്നത് പ്രായോഗികമല്ല. അതുകൊണ്ട് ഈ റിപ്പോർട്ട് വീണ്ടും ബി.എ.സി.യുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ.സി. ജോസഫ്: ബി.എ.സി.യുടെ 35-ാമത് റിപ്പോർട്ട് കൂടുതൽ പരിഗണനയ്ക്കായി ബി.എ.എസി.-ക്കുതന്നെ തിരിച്ചയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 27-12-2010-ന് ചർച്ചയ്ക്കെടുക്കുന്ന സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 2010-ലെ കേരള പോലീസ് ബില്ലിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയവരുൾപ്പെടെ പൊതുചർച്ചയ്ക്ക് 11 മെമ്പർമാരാണുള്ളത്. 150 വകുപ്പുകളുള്ള, സമഗ്രമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത ബിൽ ചർച്ച ചെയ്യാൻ മതിയായ സമയം അനുവദിക്കണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഈ റിപ്പോർട്ട് വീണ്ടും ബി.എ.സി.-യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിന്റെ പ്രാധാന്യമനുസരിച്ചാണ് അത് സെലക്റ്റ് കമ്മിറ്റിക്കയയ്ക്കുന്നത്. സെലക്റ്റ് കമ്മിറ്റിക്കയയ്ക്കുന്ന ബില്ലിന് മറ്റുള്ള ബില്ലുകൾക്കുള്ള പരിഗണന നൽകുന്നത് ശരിയല്ല. 150 ക്ലാസ് ഉള്ള ബില്ലിന്മേലുള്ള ചർച്ചയ്ക്കായി രണ്ട് ദിവസമെങ്കിലും നീക്കിവയ്ക്കണം. ധൃതഗതിയിൽ നിയമം പാസ്സാക്കി എടുക്കുന്നതിൽ പ്രയോജനമില്ലെന്നു മാത്രമല്ല അത് നിയമനിർമ്മാണത്തോടുള്ള അവഗണനയുമാണ്.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻചാണ്ടി)</u>: ഒരു ബിൽ സെലക്റ്റ് കമ്മിറ്റിക്കാണോ സബ്ജക്റ്റ് കമ്മിറ്റിക്കാണോ വിടേണ്ടതെന്ന് സഭ ചർച്ച ചെയ്ത ശേഷമാണ് തീരുമാനിക്കുന്നത്. എന്നാൽ ഇവിടെ ബില്ലുകൾ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത് എന്ന് മുൻകൂട്ടി നിശ്ചയിച്ചാണ് ബി.എ.സി. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് തെറ്റായ കീഴ്വഴക്കമാണ്. നടപടിക്രമങ്ങൾ കാറ്റിൽ പറത്തി മുന്നോട്ടുപോകുന്നത് സഭയ്ക്ക് കളങ്കമായിരിക്കും.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: നിയമനിർമ്മാണത്തിനുവേണ്ടി മാത്രമുള്ള ഒരു പ്രത്യേക സമ്മേളനമാണിത്. ഇന്നലെ കൂടിയ ബി.എ.സി. യോഗത്തിൽ പൂർണ്ണമായ യോജിപ്പിലെത്താൻ കഴിഞ്ഞില്ലെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പരമാവധി വിട്ടുവീഴ്ച ചെയ്തു. സെലക്ട് കമ്മിറ്റിക്ക് വിട്ട 2010-ലെ കേരള പോലീസ് ബിൽ നല്ലനിലയിൽ ചർച്ചചെയ്ത് റിപ്പോർട്ട് തയ്യാറാക്കാനും സെലക്ട് കമ്മിറ്റി യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട മിക്കവാറും

എല്ലാ ഭേദഗതികളും അംഗീകരിക്കാനും സാധിച്ചു. അതിനാൽ ബില്ലിന്റെ രണ്ടാം വായനയ്ക്ക് ഒരു ദിവസത്തിൽക്കൂടുതൽ ആവശ്യമില്ല. കഴിഞ്ഞ നിയമസഭയുടെ കാലത്ത് അഞ്ച് നിയമങ്ങൾ വരെ ഒരു ദിവസം പാസ്സാക്കിയ തെറ്റായ കീഴ്‌വഴക്കം ഉണ്ടായിട്ടുണ്ട്. ഈ റിപ്പോർട്ട് അംഗീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഗവൺമെന്റിനെ സംബന്ധിച്ച് അത്യാവശ്യമായിട്ടുള്ള ചില കാര്യങ്ങൾ പൂർത്തിയാക്കേണ്ടി വന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു നിർദ്ദേശം സമർപ്പിക്കാനിടയായത്. ബി.എ.സി. റിപ്പോർട്ടിലെ അജണ്ടയെ സംബന്ധിച്ച് പ്രതിപക്ഷനേതാവ് പറഞ്ഞത് സാങ്കേതികമായി ശരിയാണെങ്കിലും ഇന്നലെ പ്രതിപക്ഷനേതാക്കളും കൂടി ചേർന്ന് ബി.എ.സി.-യിൽ എടുത്ത പൊതുധാരണയുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമുണ്ടായത്. കൂടുതൽ സമയം ചർച്ചകൾക്ക് വേണമെന്നുള്ള അഭിപ്രായം തന്നെയാണ് ഗവൺമെന്റിനുള്ളത്. ആറ് ഓർഡിനൻസുകൾക്ക് പകരമുള്ള അഞ്ച് ബില്ലുകളും മറ്റ് രണ്ട് ബില്ലുകളും പാസ്സാക്കാനുണ്ട്. അത് പാസ്സാക്കാൻ സഹകരിക്കണം.

മി. സ്പീക്കർ: നിയമനിർമ്മാണത്തിന് കൂടുതൽ സമയം വേണമെന്നുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ആവശ്യവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനു മുമ്പുതന്നെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബിൽ എന്നുപറഞ്ഞ് ബി.എ.സി. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ കാര്യം പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതും ശരിയാണ്. നിയമനിർമ്മാണത്തിന് കൂടുതൽ സമയം വേണമെന്നുള്ള ആവശ്യത്തോട് ചെയർ പൂർണ്ണമായും യോജിക്കുന്നു. പക്ഷെ നിമയനിർമ്മാണം അനിവാര്യമായി വരുന്ന ചില സന്ദർഭങ്ങളിൽ ഇങ്ങനെ ചെയ്തിട്ടുമുണ്ട്. കൂടുതൽ

സമയമെടുത്ത് ചർച്ചചെയ്ത് നിയമങ്ങൾ പാസ്സാക്കുക തന്നെയാണ് ഉചിതമായിട്ടുള്ള കാര്യം.

ശ്രീ. കെ.എം. മാണി അവതരിപ്പിച്ച ഭേദഗതി 55-നെതിരെ 25 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

റിപ്പോർട്ട് സഭ അംഗീകരിച്ചു.

## നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല ബിൽ കൃഷിയും മൃഗസംരക്ഷണവും മൽസ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : പ്രമേയത്തെ പിൻതാങ്ങുന്നു.

**ക്രമപ്രശ്നം**

കേന്ദ്ര നിയമത്തിനെതിരെയുള്ള ബിൽ നിലനിൽക്കുകയില്ല

ശ്രീ. കെ.എം. മാണി: ഈ നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുള്ള ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ ആക്ട് 1984-ലെ വ്യവസ്ഥകൾക്കെതിരാണ്. വെറ്ററിനറി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥകളുള്ളത് ഈ ആക്ടിലാണ്. ഈ ആക്ടിലെ 18-ാം വകുപ്പ് പ്രകാരമാണ് വെറ്ററിനറി കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത്. എന്നാൽ ബില്ലിലെ 4-ഉം 6-ഉം വകുപ്പുകൾ മേൽപ്പറഞ്ഞ കേന്ദ്ര വെറ്ററിനറി ആക്ടിന് വിപരീതമാണ്. സെൻട്രൽ ആക്ടിന് വിപരീതമായി ഉണ്ടാക്കുന്ന നിയമം ആർട്ടിക്കിൾ 254 അനുസരിച്ച് നിലനിൽക്കുകയില്ല; ഭരണഘടനാവിരുദ്ധമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഭരണഘടനയുടെ ആർട്ടിക്കിൾ 251, 254 അനുസരിച്ച് പാർലമെന്റ് പാസ്സാക്കിയ നിയമത്തിന് വിരുദ്ധമായി ഒരു നിയമം പാസ്സാക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമില്ല. 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല ബില്ലിലെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡിച്ചറിനെക്കുറിച്ച് പറയുന്നില്ല. ഓരോ ക്ളാസ്സിനും ഓരോ വർഷത്തിലും വരുന്ന റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് എക്സ്പെൻസസ്സ് എത്ര വരുമെന്നുള്ളത് റൂൾ 73 അനുസരിച്ച് വ്യക്തമായി പറയണം. എന്നാൽ ഈ ബില്ലിൽ

യൂണിവേഴ്സിറ്റിക്ക് ലഭിക്കുന്ന വരുമാനത്തെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. സഭയിൽ ഇക്കാര്യത്തെ സംബന്ധിച്ച് മുമ്പ് വ്യക്തമായ റൂളിംഗ് വന്നിട്ടുള്ളതാണ്. റൂൾ 73 വയലേറ്റ് ചെയ്തുകൊണ്ടുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് അവതരണാനുമതി നൽകാൻ പാടില്ല.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബില്ലിൽ ഭരണഘടനാ ലംഘനം നടന്നിട്ടില്ല. വെറ്ററിനറി കൗൺസിൽ അംഗീകാരം കൊടുക്കുന്നത് വെറ്ററിനറി കോഴ്സുകൾക്കാണ്. എന്നാൽ ഇത് സർവ്വകലാശാലയാണ്. മറ്റ് സംസ്ഥാനങ്ങളിലെല്ലാം തന്നെ സമാനമായ ഇത്തരം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് സർവ്വകലാശാല രൂപീകരിച്ചിട്ടുള്ളത്. സർവ്വകലാശാല രൂപീകരിക്കാനുള്ള അവകാശം സംസ്ഥാനങ്ങളുടെ കോമ്പിറ്റേറ്റീവ് അതോറിറ്റിയാണ്. ആ അധികാരപരിധിയിൽ നിന്നുകൊണ്ടാണ് ഇപ്പോൾ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് എക്സ്പെൻസസ് ക്ളാസ് ബൈ ക്ളാസ്സായി ഇപ്പോൾ തന്നെ സർക്കുലേറ്റ് ചെയ്യാം. അതുകൊണ്ട് ബിൽ അവതരിപ്പിക്കുന്നതിന് സാങ്കേതികമായ തടസ്സമൊന്നുമില്ല.

## റൂളിംഗ്

മി. സ്പീക്കർ: 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല ബിൽ കേന്ദ്ര നിയമത്തിന് വിരുദ്ധമല്ല എന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം മുഖവിലയ്ക്കെടുക്കുന്നു. ബില്ലിലെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിലെ റെക്കറിംഗ് ആന്റ് നോൺ

റെക്കറിംഗ് എക്സ്പെൻസസ്സിന്റെ ഡീറ്റെയിൽസ് ക്ളാസ് ബൈ ക്ളാസ്സായി നൽകാമെന്ന് മന്ത്രി സമ്മതിച്ചിട്ടുമുണ്ട്. ഇത്തരം കാര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധിക്കണം. ഇവിടെ ഉന്നയിച്ച ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല; ബിൽ ചർച്ചയ്ക്ക് എടുക്കാവുന്നതാണ്.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): മൃഗസംരക്ഷണ മേഖലയിലും ക്ഷീരവികസന മേഖലയിലും അനന്തമായ സാധ്യതകളാണ് സംസ്ഥാനത്തിനുള്ളത്. അര നൂറ്റാണ്ടുകാലമായി ക്ഷീരവികസന വകുപ്പും അനിമൽ ഹസ്ബെന്ററി വകുപ്പും പ്രവർത്തിച്ചിട്ടും സംസ്ഥാനത്തിനാവശ്യമായ പാലും മുട്ടയും മാംസവും ഉൽപാദിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അത്യുത്പാദന ശേഷിയുള്ള കന്നുകാലി സമ്പത്തിന്റേയും ആധുനികരീതിയിലുള്ള സമ്പ്രദായങ്ങളുടേയും സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനും അവ ഉപയോഗിച്ച് സംസ്ഥാനത്തിനാവശ്യമായ പാൽ, മുട്ട, മാംസം എന്നിവ സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിച്ച് സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടിയും ഒരു കമ്മീഷൻ രൂപീകരിച്ചത്. സംസ്ഥാനത്ത് ഒരു സർവ്വകലാശാല രൂപീകരിച്ച് ഈ രംഗത്താവശ്യമായ ഗവേഷണങ്ങളും പരീക്ഷണങ്ങളും കേരളത്തിൽത്തന്നെ നടത്തണമെന്ന കമ്മീഷൻ ശുപാർശ സർക്കാർ അംഗീകരിക്കുകയും നടപടി ആരംഭിക്കുകയും ചെയ്തു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ആവശ്യമായ പാലിന്റെ 80 ശതമാനമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. കഠിനമായി പ്രയത്നം ചെയ്യുകയും കർഷകരുടെയിടയിൽ ഉദാരമായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്താൽ

പാൽ ഉത്പാദന രംഗത്ത് സ്വയംപര്യാപ്തത നേടാൻ കേരളത്തിന് സാധിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സംസ്ഥാനത്ത് വെറ്ററിനറി ഡോക്ടർമാർക്ക് ഉപരിപഠനത്തിനുള്ള സൗകര്യങ്ങളോ നല്ല ലബോറട്ടറികളോ ഇല്ലാത്തതുകൊണ്ട് അവർ അവധിയെടുത്ത് മറ്റ് സംസ്ഥാന ങ്ങളിലേയ്ക്ക് പോകുന്ന പ്രവണതയാണ് കാണുന്നത്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ വിപുലമായ പ്രവർത്തനമേഖലയിൽ വെറ്ററിനറി സയൻസിനും ഡയറി സയൻസിനും അർഹമായ പരിഗണന കിട്ടുന്നില്ലെന്ന പരാതികളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് സാമ്പത്തിക ബാദ്ധ്യതകളു ണ്ടെങ്കിൽപ്പോലും വിപുലമായ ഒരു അക്കാഡമിക് കാര്യത്തിന് അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റിനെ സഹായിക്കാനും ഉല്പാദനവും പഠന-ഗവേ ഷണ നിലവാരവും വർദ്ധിപ്പിക്കാനും സാമ്പത്തിക പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാനും തൊഴിലവസരങ്ങളുണ്ടാക്കാനും കഴിയുന്ന തരത്തിലാണ് ഈ യൂണിവേഴ്സിറ്റിയുടെ രൂപീകരണം ആസൂത്രണം ചെയ്തിരിക്കുന്നത്. ബഡ്ജറ്റ് അലോക്കേഷനില്ലാതെ സാമ്പത്തിക കാര്യങ്ങളിൽ സ്വയംപര്യാപ്തത നേടാൻ കഴിയുന്ന ഉല്പാദന/വാണിജ്യ കേന്ദ്രമായും തൊഴിലവസരങ്ങൾ സംഭാവന ചെയ്യുന്ന കേന്ദ്രമായും മാറ്റുക, ഇവിടത്തെ വിദ്യാർത്ഥികൾക്ക് പ്രൊഡക്ഷൻ ഓറിയന്റഡായിട്ടുള്ള കോഴ്സുകൾ ഓഫർ ചെയ്യുക എന്നീ കാര്യങ്ങളാണ് ഈ യൂണിവേഴ്സിറ്റിയുടെ രൂപീകരണത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. അക്കാഡ മിക്കായിട്ടുള്ള പഠനങ്ങൾ മാത്രമല്ലാതെ കേരളത്തിൽ സാദ്ധ്യമായ മുഴുവൻ സ്ഥലവും ഉപയോഗിച്ചുകൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുകയെന്നുള്ള ഒരു പുതിയ ശൈലിയിലാണ് ഈ സർവ്വകലാശാല നടപ്പാക്കാനുദ്ദേശിക്കു

ന്നത്. ഏകകണ്ഠമായി ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri. K. Babu: I move that- “This House resolves to disapprove The Kerala Veterinary And Animal Science University Ordinance, 2010 (Ordinance No 44 of 2010). ഇത്തരമൊരു സർവ്വകലാശാല സ്ഥാപിക്കുന്നതിനോട് യോജിപ്പാണുള്ളതെങ്കിലും ഇതിനുവേണ്ടി ഒരു ഓർഡിനൻസ് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഉണ്ടായിരുന്നോയെന്നുള്ള ആശങ്ക പ്രകടിപ്പിക്കുകയാണ്. 2010-11-ലെ ബഡ്ജറ്റിൽ ഇങ്ങനെയൊരു സർവ്വകലാശാല സ്ഥാപിക്കുമെന്നുള്ളതിനെക്കുറിച്ച് യാതൊരു പ്രഖ്യാപനവും നടത്തുകയോ തുക വകകൊള്ളിക്കുകയോ ചെയ്തിട്ടില്ലെന്നു മാത്രമല്ല ഒരു ഘട്ടത്തിൽ ധനകാര്യ വകുപ്പ് ഈ വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിന് എതിർപ്പും പ്രകടിപ്പിക്കുകയുണ്ടായി. അഞ്ച് വർഷംകൊണ്ട് 271 കോടി രൂപയാണ് ഈ സർവ്വകലാശാലയ്ക്കുവേണ്ടി ചെലവാക്കുമെന്ന് കണക്കാക്കിയിട്ടുള്ളത്. രണ്ടു-മൂന്ന് കൊല്ലം കഴിഞ്ഞാൽ സർവ്വകലാശാല സ്വന്തമായി വരുമാനം കണ്ടെത്തുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കണം. എല്ലാ സർവ്വകലാശാലകളും സർക്കാർ ഗ്രാന്റിനെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന വിഷയങ്ങൾക്ക് പ്രത്യേകമായി സർവ്വകലാശാലകൾ സ്ഥാപിക്കുന്നത് ആശാസ്യമല്ലെന്ന് യു.ജി.സി.യും ഡോ. അനന്തമൂർത്തി കമ്മിറ്റിയുമെല്ലാം അഭിപ്രായപ്പെട്ടിട്ടുണ്ട്. 2010 ജൂൺ 28-ന് ഇറക്കിയ യു.ജി.സി. റെഗുലേഷൻ പ്രകാരം ഡിസ്റ്റിംഗ്വ്യുഷ്ഡ് ആയിട്ടുള്ള അക്കാഡമിഷനായിരിക്കണം വൈസ് ചാൻസിലറെന്നാണ് വ്യവസ്ഥ. പക്ഷേ ഇപ്പോൾ നിയമിച്ചിരിക്കുന്ന വ്യക്തിക്ക് അക്കാഡമിക് കോമ്പീറ്റൻസി

ഇല്ലെന്നുള്ളതാണ് വസ്തുത. വ്യക്തികളെ മുന്നിൽക്കണ്ടുകൊണ്ട് വൈസ് ചാൻസിലറുടെ പ്രായപരിധി നിശ്ചയിക്കുന്ന സമീപനം ശരിയല്ല. വി.സി.-യുടെ സെലക്ഷനുള്ള സെർച്ച് കമ്മിറ്റിയിൽ യു.ജി.സി. നോമിനിയെ വയ്ക്കാനുള്ള വ്യവസ്ഥ ബില്ലിൽ ചേർക്കണം. 15 വർഷം എക്സ്പീരിയൻസുള്ളവരിൽ അഞ്ച് വർഷമെങ്കിലും അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസുള്ള അസോസ്സിയേറ്റ് പ്രൊഫസർമാരിൽനിന്നും രജിസ്ട്രാറെ നിയമിക്കണമെന്ന നിബന്ധന ചേർക്കുന്നത് ഉചിതമായിരിക്കും. സെക്ഷൻ 14-ൽ രജിസ്ട്രാറായി നിയമിക്കപ്പെടാൻ പുറത്തുനിന്നുള്ള യോഗ്യരായവരെയും പരിഗണിക്കണമെന്ന വ്യവസ്ഥയും സെക്ഷൻ 21-ൽ മാനേജ്മെന്റ് കൗൺസിലിൽ എം.എൽ.എ.-യെക്കൂടി ഉൾപ്പെടുത്തണമെന്ന വ്യവസ്ഥയും ചേർക്കണം. അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും ആനുപാതികമായ പ്രാതിനിധ്യം ഉറപ്പുവരുത്തണം. സെനറ്റിലുള്ള എം.എൽ.എ.-മാരുടെ എണ്ണം രണ്ടിൽനിന്ന് മൂന്നായി ഉയർത്തിയാൽ മാത്രമേ ആനുപാതിക പ്രാതിനിധ്യം ഉണ്ടാകുകയുള്ളൂ. സിൻഡിക്കേറ്റിലേയ്ക്ക് എം.എൽ.എ.-മാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കണം. ബില്ലിലെ സെക്ഷൻ 24-ൽ ബോർഡ് ഓഫ് മാനേജ്മെന്റിൽ തദ്ദേശ നിയമസഭാംഗത്തെക്കൂടി ഉൾപ്പെടുത്തണം. വൈസ് ചാൻസിലർ നിയമനം, രജിസ്ട്രാർ നിയമനം, സെനറ്റ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് എന്നീ വിഷയങ്ങളിൽ മറ്റ് സർവ്വകലാശാലകളിലെപ്പോലെ ആനുപാതിക പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

ശ്രീ. സി. പി. മുഹമ്മദ് : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിലെ സർവ്വകലാശാലകളുടെ എണ്ണത്തിൽ അനസ്യൂതമായ വർദ്ധനവ്

ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇങ്ങനെയൊരു സർവ്വകലാശാലയ്ക്ക് പ്രസക്തിയുണ്ടോയെന്ന് ആലോചിക്കേണ്ടതുണ്ട്. ഇന്ന് നിലവിലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കന്നുകാലി വളർത്തൽ പരിപോഷിപ്പിക്കുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. ഇന്ന് കേരളത്തിലെ സർവ്വകലാശാലകൾ രാഷ്ട്രീയവൽക്കരിക്കപ്പെടുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളിൽ ഗവേഷണങ്ങൾ ഫലപ്രദമായി നടത്താൻ സാധിക്കണം. പട്ടാമ്പിയിലെ നെല്ല് ഗവേഷണ കേന്ദ്രം കാർഷിക സർവ്വകലാശാലയുടെ വരവോടെ നശിച്ചിരിക്കുകയാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുപോലും അതിൽനിന്നുണ്ടാകുന്നില്ല. ഡിപ്പാർട്ട്മെന്റിന്റെ കീഴിലുണ്ടായിരുന്നപ്പോഴുള്ള ഫണ്ടോ സൗകര്യങ്ങളോ ഫലപ്രദമായ ഗവേഷണമോ യൂണിവേഴ്സിറ്റി വന്നതിനുശേഷം നടക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തണം. നെൽവയൽ നീർത്തട ബിൽ നിയമമാക്കിയശേഷവും കേരളത്തിൽ വൻതോതിൽ നെൽപാടങ്ങൾ വ്യാവസായികാവശ്യങ്ങൾക്കും മറ്റുമായി നികത്തപ്പെട്ടുകൊണ്ടിരിക്കുന്നു. അതുപോലെ കോടിക്കണക്കിന് രൂപ ചെലവഴിച്ചുണ്ടാക്കുന്ന വെറ്ററിനറി യൂണിവേഴ്സിറ്റി വഴി ക്ഷീരോൽപാദനവും കന്നുകാലി വളർത്തലും പരിപോഷിപ്പിക്കപ്പെടുമെന്നത് വ്യാമോഹം മാത്രമാണ്. ചെറുപ്പക്കാരും സ്ത്രീകളും കുട്ടികളും ഇത്തരം മേഖയിലേയ്ക്ക് കടന്നുവരികയും ഇച്ഛാശക്തിയുള്ള സർക്കാരും വകുപ്പും ഉണ്ടാവുകയും ചെയ്താൽ മാത്രമേ പ്രസ്തുത മേഖലയിൽ സംസ്ഥാനത്തിന് മുന്നേറാൻ സാധിക്കുകയുള്ളൂ. ഒരു വർഷം 250 വിദ്യാർത്ഥികൾക്കുമാത്രം പ്രവേശനം നൽകുന്നതും അദ്ധ്യാപകരേയും ജീവനക്കാരേയും നിയമിക്കേണ്ടിവരുന്നതുമായ സർവ്വകലാശാല

സംസ്ഥാനത്തിനു വലിയ നേട്ടമൊന്നും ഉണ്ടാക്കാൻ പോകുന്നില്ല. കാൺപൂർ ഐ.ഐ.ടി.-യിലെ ഡോ. അനന്തകൃഷ്ണൻ ചെയർമാനായ സമിതിയുടെ വിവിധ നിർദ്ദേശങ്ങൾ മറികടന്നുകൊണ്ടുള്ള കാര്യങ്ങളാണ് ഇവിടെ നടപ്പാക്കുന്നത്. വൈസ് ചാൻസിലർ നിയമനങ്ങളിൽ മാനദണ്ഡം നിർബന്ധമാണെന്ന് മാനവവിഭവശേഷി മന്ത്രാലയം നിർദ്ദേശിക്കവേ യു.ജി.സി.-യുടെ പുതുക്കിയ മാനദണ്ഡം മുൻകാല പ്രാബല്യത്തോടെ നടപ്പാക്കാൻ ശ്രമിക്കുന്നത് തെറ്റായ നടപടിയാണ്. അടിസ്ഥാനസൗകര്യങ്ങളോ പുതിയ ഗവേഷണ കേന്ദ്രങ്ങളോ ഇല്ലാതെ കാർഷിക സർവ്വകാലാശാലയുടെ സ്ഥാവര-ജംഗമവസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പിൻവാതിൽ നിയമനം നടത്താനാണ് ഈ സർവ്വകലാശാലകൊണ്ട് ഉദ്ദേശിക്കുന്നത്. രാജ്യത്ത് ക്ഷീരോൽപാദനവും കന്നുകാലി പരിപാലനവും പരിപോഷിപ്പിക്കണമെങ്കിൽ ജനങ്ങളുടെ സമീപനത്തിൽ അടിസ്ഥാനപരമായ മാറ്റവും കീടനാശിനി പ്രയോഗം, വാണിജ്യവൽക്കരണം എന്നിവ കുറയുകയും വേണം. നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങുകൃഷി സംരക്ഷിക്കുന്നതിനും കഴിയണം. എൻഡോസൾഫാൻ പോലുള്ള കീടനാശിനികളുടെ ഉപയോഗം തടയാനുതകുന്ന രീതിയിലുള്ള പഠനങ്ങളും ഗവേഷണങ്ങളും ഉണ്ടാകണം. മൃഗപരിപാലന രംഗത്തും ക്ഷീരോൽപാദന രംഗത്തും കാതലായ മാറ്റങ്ങൾ കൊണ്ടു വരണം.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:</u> കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ, 2010 പൊതുജനാഭിപ്രായം ആരായുന്നതിനായി 28-2-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ അടിസ്ഥാനപരമായ വളരെയധികം മാറ്റങ്ങൾ ഉണ്ടാക്കാനുതകുന്ന ഒരു ബില്ലാണിത്. ഗ്രാമീണ മേഖലയുമായി

ബന്ധപ്പെട്ടു നിൽക്കുന്നതും ഉപജീവനത്തിന് ലക്ഷക്കണക്കിന് ജനങ്ങൾ ആശ്രയിക്കുന്നതുമായ മൃഗസംരക്ഷണ മേഖലയിൽ നിന്നുമാണ് ആഭ്യന്തര ഉൽപാദനത്തിന്റെ 9 ശതമാനം ലഭിക്കുന്നത്. ലോകത്ത് പാൽ, കോഴിഇറച്ചി, മുട്ട എന്നിവയുടെ ഉൽപാദനത്തിലും പാൽ, പോത്തിറച്ചി എന്നിവയുടെ കയറ്റുമതിയിലും ഇന്ത്യ മുൻപന്തിയിലാണ്. കാർഷികമേഖലയുടെ മാർക്കറ്റ് അമേരിക്ക പോലുള്ള വിദേശ രാജ്യങ്ങൾക്ക് തുറന്നുകൊടുക്കുന്നത് നിർഭാഗ്യ കരമാണ്. രാജ്യത്തിന്റെ കാർഷിക വരുമാനത്തിന്റെ 25 ശതമാനം മൃഗസംര ക്ഷണ മേഖലയിൽ നിന്നുമുണ്ടാകുമ്പോൾ കേരളത്തിൽ 40 ശതമാനം ലഭിക്കുന്നു. കാർഷിക-കാർഷികാനുബന്ധ ഉൽപാദന മേഖലകൾക്ക് ഊന്നൽ കൊടുക്കാതെ സേവനമേഖലയ്ക്ക് വേണ്ടി സമ്പത്ത് ചെലവാക്കുന്ന സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാകണം. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗസംരക്ഷണ മേഖലയിലും കാർഷിക-കാർഷികാനുബന്ധ മേഖല യിലും പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ ബില്ലിലൂടെ അവഗണിക്കപ്പെട്ടി രുന്ന ഈ മേഖലയെ കൂറേക്കൂടി ശ്രദ്ധിക്കാനുള്ള സർക്കാരിന്റെ നടപടികൾ ശ്ലാഘനീയമാണ്. സർവ്വകലാശാലകളെ മികച്ച ഗവേഷണസ്ഥാപനങ്ങളാക്കി മാറ്റാനും ഈ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന രീതിയിൽ ഗവേഷണങ്ങൾ സംഘടിപ്പിക്കാനും ആ ഗവേഷണഫലങ്ങൾ സാമാന്യജനങ്ങൾക്ക് പ്രയോജനപ്രദമായ രൂപത്തിൽ വിന്യസിപ്പിക്കാനും കഴിയണം. കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്, മണ്ണുത്തി, കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് പൂക്കോട്, കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി മണ്ണുത്തി, ഫിഷറീസ് കോളേജ് കൊച്ചി, പനങ്ങാട് തുടങ്ങിയ സ്ഥാപനങ്ങളേയും

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് കിടക്കുന്ന 15 ഗവേഷണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ യൂണിവേഴ്സിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ സർവ്വകലാശാല നിലവിൽ വരുന്നതോടുകൂടി കന്നുകാലികളുടെ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും വലിയ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. വളരെവേഗത്തിൽ ഒരു ഫുൾഫ്ളജ്ഡ് ആയിട്ടുള്ള യൂണിവേഴ്സിറ്റി തുടങ്ങുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിക്കണം. മൃഗസംരക്ഷണത്തിനും അനുബന്ധ മേഖലകൾക്കും ആവശ്യമായ ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസ സംവിധാനം നിർദ്ദിഷ്ട യൂണിവേഴ്സിറ്റിയിലുണ്ടാകണം. പുതിയ വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കാനും ക്ഷീരമേഖലയിൽ പൊതുജനപങ്കാളിത്തം വർദ്ധിപ്പിക്കാനും ജൈവ വിവരസാങ്കേതിക വിദ്യയുമായി ബന്ധിപ്പിച്ച് ഉൽപ്പാദനവും വിപണനവും മെച്ചപ്പെടുത്താനുമുള്ള സൗകര്യങ്ങൾ ഉണ്ടാകുന്നതാണ്. മൈക്രോലെവൽ ഗവേഷണങ്ങൾ നടത്തിക്കൊണ്ട് പുതിയതരം ഉൽപ്പന്നങ്ങളും ബ്രീഡുകളും കണ്ടെത്താൻ കഴിയും. ഒരു പരിധി വരെ തൊഴിലില്ലായ്മ പരിഹരിക്കാനും ഗ്രാമീണ സ്ത്രീകൾക്ക് വരുമാനമുണ്ടാക്കാനും സർവ്വകലാശാലയുടെ പ്രവർത്തനം വഴിവയ്ക്കും. എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടി സമയബന്ധിതമായി സർവ്വകലാശാല സ്ഥാപിക്കണം.

<u>ശ്രീ. എ.പി. അനിൽകുമാർ</u>: കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ 2010, ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള സർവ്വകലാശാലകളുടെ പ്രവർത്തനം നന്നായി മുന്നോട്ടുകൊണ്ടുപോകുന്നതിനുപകരം പുതിയ സർവ്വകലാശാലകൾ തുടങ്ങുന്നത് ഭൂഷണമല്ല. കാർഷിക

സർവ്വകലാശാലയുമായി ബന്ധപ്പെട്ടുകൊണ്ട് മൃഗസംരക്ഷണത്തിനാവശ്യ മായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയോ അതിനായി ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയോ ചെയ്താൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. പുതിയ സർവ്വകലാശാല സർക്കാരിന് അധികബാധ്യതയാകും എന്നുമാത്രമല്ല, ഉദ്ദേശിച്ച രീതിയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെ വരികയും ചെയ്യും. മൃഗസംരക്ഷണത്തിന് അനുകൂലമായ നടപടികൾ സ്വീകരിക്കണം. കൃഷിയും കന്നുകാലി വളർത്തലും രണ്ടാക്കി മാറ്റിക്കൊണ്ട് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സർക്കാരിന് ബാധ്യതയായി മാറും. ക്ഷീരകർഷകർക്ക് അർഹമായ പരിഗണന മാറിമാറി വരുന്ന ഗവൺമെന്റുകൾ നൽകിയതുകൊണ്ടാണ് ക്ഷീരോൽപ്പാദന രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചത്. കേരളത്തിൽത്തന്നെ കൂടുതൽ ഫാമുകൾ ഉണ്ടാക്കി കോഴിക്കുഞ്ഞുങ്ങളേയും അതുവഴി മുട്ടയുൽപ്പാദനവും വർദ്ധി പ്പിക്കാൻ സാധിക്കണം. ഗവേഷണങ്ങളുടെ പേരിൽ കോടികൾ ചെലവഴിച്ച് അഴിമതികൾ നടത്തുവാനുള്ള സാഹചര്യം ഒഴിവാക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): വെറ്ററിനറി സർവ്വകലാശാലയുടെ പ്രാഥമിക ചെലവു കൾക്കായി 2010-2011-ലെ എസ്.ഡി.ജി.യിൽ ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ സമാന സർവ്വകലാശാലകൾക്ക് നിരവധി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് പുതിയതായി രൂപീകരിക്കുന്ന വെറ്ററിനറി സർവ്വകലാശാലയ്ക്കും ലഭിക്കാനുള്ള സാധ്യതകളുണ്ട്. ഐ.സി.എ.ആർ.-ന്റെ നോംസാണ് വെറ്ററിനറി സർവ്വകലാശാലയ്ക്ക് ബാധകമായിട്ടുള്ളത്. സർവ്വകലാശാല ആരംഭിക്കു

മ്പോൾ അതിന്റെ കീഴിൽ രണ്ടു മൂന്നു സ്ഥാപനങ്ങൾ മാത്രമേ ഉണ്ടായിരിക്കു കയുള്ളൂവെങ്കിലും പിന്നീട് വിപുലീകരിക്കുന്നതാണ്. പല സംസ്ഥാനങ്ങളിലും വെറ്ററിനറി സർവ്വകലാശാലകൾ നല്ല രീതിയിൽ പ്രവർത്തിക്കുകയും ആ സംസ്ഥാനങ്ങളിലെ ഉത്പാദനം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് ബഡ്ജറ്റിൽ പ്ലാൻ ഫണ്ടും നോൺ പ്ലാൻ ഫണ്ടുമായി അനുവദിച്ചിട്ടുള്ള 35 കോടി രൂപ ഇതിനുവേണ്ടി മാറ്റണം. ബാക്കിവരുന്ന ചെറിയ സാമ്പത്തിക ബാധ്യത വഹിക്കാൻ സർക്കാർ സന്നദ്ധമാണ്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാരും ഗവേഷകരും വിദഗ്ദ്ധരും സംസ്ഥാനത്തിന്റെ പരിമിതിക്കകത്തു നിന്നുകൊണ്ട് കാർഷിക മേഖലയിൽ വേണ്ടത്ര സംഭാവന ചെയ്തിട്ടുണ്ട്. വെറ്ററിനറി സർവ്വകലാശാല ഒരു കൊമേഴ്സ്യൽ ആസ്പെക്ടിൽ തന്നെ പ്രവർത്തിക്കും. പ്രതിവർഷം 400 കോടി മുട്ടയാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുത്തുന്നത്. സംസ്ഥാനത്ത് കോഴി വളർത്താനുള്ള എല്ലാ സാധ്യതകളുമുണ്ടെങ്കിലും പൗൾട്രി സയൻസ് അനുസരിച്ച് ആധുനിക സജ്ജീകരണങ്ങൾ തയ്യാറാക്കു ന്നതിന് വിദഗ്ദ്ധരുണ്ടാകണം, കന്നുകാലി ട്രീറ്റ്മെന്റ്, സംരക്ഷണ രീതി, വാക്സിൻ എന്നിവ വിപുലീകരിക്കുകയും ഹൈടെക് ഡയറി ഫാമുകളുണ്ടാകുകയും എക്സ്പെർട്ട്സായിട്ടുള്ളവരുടെ ഉപദേശം ലഭ്യമാക്കുകയും ചെയ്യണം. ആധുനിക രീതിയിലുള്ള ഇൻഫർമേഷൻ ടെക്നോളജി ഉപയോഗപ്പെടുത്തുന്നതിന് സഹായകരമായ രീതിയിലാണ് വെറ്ററിനറി സർവ്വകലാശാല രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതുവഴി വെറ്ററിനറി ഡോക്ടർമാർ ഉന്നത പഠനത്തിന് വിദേശരാജ്യങ്ങളെ ആശ്രയി

ക്കുന്നത് അവസാനിപ്പിക്കാൻ കഴിയും. സമഗ്രമായ പരിശോധന നടത്തിയതിനുശേഷമാണ് സർവ്വകലാശാലയുടെ വി.സി.-യെ നിശ്ചയിച്ചിരിക്കുന്നത്. വെറ്ററിനറി സർവ്വകലാശാലയുടെ പ്രാതിനിധ്യ സ്വഭാവം ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള ചർച്ചാവേളയിൽ പരിഹരിക്കാൻ കഴിയുന്നതാണ്. ഗവൺമെന്റിന്റെ കാര്യമായ ഇൻവെസ്റ്റുമെന്റില്ലാതെ ലക്ഷക്കണക്കിനാളുകളുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള സദുദ്ദേശത്തോടുകൂടിയാണ് വെറ്ററിനറി യൂണിവേഴ്സിറ്റി ആരംഭിക്കാൻ പോകുന്നത്. അക്കാഡമിക് മേഖലയിലും ഉല്പാദന മേഖലയിലും കാർഷിക മേഖലയിലുമെല്ലാം നിർണ്ണായകമായ സംഭാവനകൾ ചെയ്യാൻ കഴിയുന്ന ഒരു യൂണിവേഴ്സിറ്റിയായി മാറുമെന്നുള്ളതിൽ സംശയമില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(2) <u>2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ</u>

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി

(ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> 1980-ലെ നിയമം അനുസരിച്ച് സംസ്ഥാനത്തെ അഭിഭാഷകർക്ക് നൽകുന്ന ക്ഷേമനിധി തുകയായ 3 ലക്ഷം രൂപ 5 ലക്ഷം രൂപയാക്കി ഉയർത്തുന്നതിനുവേണ്ടിയാണ് ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. നിയമനിർമ്മാണ രംഗത്തും നീതിനിർവ്വഹണ രംഗത്തും കാലോചിതമായ പരിഷ്ക്കാരങ്ങൾ വേണമെന്നുള്ള നയത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള നിയമ പരിഷ്ക്കരണ കമ്മിഷൻ സമർപ്പിച്ച നിർദ്ദേശങ്ങളിൽ സ്വീകാര്യമായവ അംഗീകരിച്ചിട്ടുണ്ട്. ജ്യുഡീഷ്യറിയുമായി ചർച്ച ചെയ്തുകൊണ്ട് കോടതികളിൽ ലിറ്റിഗേറ്റ് ബഞ്ചുകൾ സ്ഥാപിക്കുന്നത്

ഉൾപ്പെടെയുള്ള പരിഷ്ക്കാരങ്ങൾ വരുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

Shri. M. Ummer: I move that - "This House resolves to disapprove The Kerala Advocates' Welfare Fund (Amendment) Ordinance, 2010 (Ordinance No 47 of 2010). ക്ഷേമനിധിയിലെ ഒരംഗത്തിന് നൽകാവുന്ന തുക നിലവിലുള്ള മൂന്നു ലക്ഷം രൂപയിൽനിന്നും അഞ്ചു ലക്ഷം രൂപയായി ഉയർത്തുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയോട് യോജിക്കുന്നു. 40 വർഷം പ്രാക്ടീസ് ചെയ്ത ഒരു അഭിഭാഷകന് ഈ ബില്ലിൽ പറയുന്ന അഞ്ച് ലക്ഷം രൂപ ലഭിക്കണമെങ്കിൽ 15 വർഷം കാത്തിരിക്കണം. ഇപ്പോൾ 50 വയസ്സ് പൂർത്തിയായ ഒരു അഭിഭാഷകന് ഈ ബില്ലിൽ പറയുന്ന സൗകര്യം ലഭിക്കുകയില്ല. 35 വർഷം പൂർത്തിയാക്കുന്ന അഭിഭാഷകന് 5 ലക്ഷം രൂപ കൊടുക്കാൻ കഴിയുന്ന ഒരു ഭേദഗതി കൊണ്ടുവരാൻ തയ്യാറാകണം. അഭിഭാഷകർക്ക് ഗ്രാന്റ് കൊടുക്കാൻ സർക്കാർ തയ്യാറാകണം. കോർട്ട് ഫീയിൽ നിന്ന് വെൽഫെയർ ഫണ്ടിലേയ്ക്ക് കൊടുക്കുന്ന തുക അര ശതമാനം എന്നുള്ളത് ഒരു ശതമാനമാക്കണം. അഭിഭാഷകർക്ക് ഒരു സാമ്പത്തിക മാനദണ്ഡം നിശ്ചയിച്ച് 5 വർഷത്തേയ്ക്ക് സ്റ്റൈപ്പന്റും ചികിത്സാ സഹായവും നൽകാനുള്ള സ്കീമുണ്ടാക്കണം. പ്രധാന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു പുതിയ ബില്ലായി കൊണ്ടുവരണം.

ശ്രീ. പി. കൃഷ്ണപ്രസാദിനുവേണ്ടി ശ്രീമതി പി. അയിഷാ പോറ്റി : 2010 -ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം

ആരായുന്നതിനായി 28-02-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രാക്ടീസ് നിർത്തലാക്കിയാൽ ഒരംഗത്തിന് അഭിഭാഷക ക്ഷേമനിധിയിൽനിന്നും പരമാവധി അഞ്ച് ലക്ഷം രൂപവരെ സ്വീകരിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ് എന്നത് പത്ത് ലക്ഷം രൂപയാക്കിയാൽ നല്ല തായിരിക്കും. സമൂഹത്തിൽ നീതി നടപ്പിലാക്കുന്നതിന് ഫലപ്രദമായി ഇട പെടാൻ കഴിയുന്ന വിഭാഗമെന്ന നിലയിലും നല്ലൊരു ശതമാനം വരുന്ന അഭി ഭാഷകരും സ്വന്തമായി വരുമാനമില്ലാതെ കമ്മീഷനെ ആശ്രയിച്ച് ജീവി ക്കുന്ന വരായതിനാലും പുതിയതായി അഭിഭാഷകവൃത്തിയിലേർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഏറ്റവും കുറഞ്ഞത് 35 വർഷം കഴിയു മ്പോഴെങ്കിലും ഫൈനൽ എമൗണ്ട് കിട്ടത്തക്കവിധത്തിലുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. ജൂനിയർ അഭിഭാഷകർക്ക് ഈ മേഖലയിൽ പിടിച്ചുനിൽക്കുന്നതിനുവേണ്ടി ക്ഷേമനിധിക്കുപുറമെ സ്റ്റൈപന്റ് കൂടി ഏർപ്പെടുത്തണം. വനിതകളായിട്ടുള്ളവർ സ്വന്തമായി വരുമാനമില്ലാതെ വരുമ്പോൾ ഈ പ്രൊഫഷനിൽനിന്നും പുറത്തുപോകുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാനും നല്ല ഒരു പ്രൊഫഷനെന്ന രീതിയിൽ അഭിഭാഷക വൃത്തിയെ നിലനിർത്താനും സാധിക്കണം. ക്ഷേമനിധിയിൽ സബ്സ്ക്രിപ്ഷൻ അടയ്ക്കുന്നതിന് ബാർ അസോസ്സിയേഷനിൽനിന്ന് ഡിക്ലറേഷൻ കൊടുക്കണമെന്ന വ്യവസ്ഥ ഒഴിവാക്കണം. അഭിഭാഷക ക്ഷേമ നിധിയിൽ ഫണ്ടിന്റെ അപര്യാപ്തത ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. മുഴുവൻ അഭിഭാഷകരും ക്ഷേമനിധി ബോർഡിൽ നിർബന്ധമായും അംഗത്വ മെടുക്കണമെന്ന നിബന്ധന ചേർക്കണം. കൂടുതൽ ഫീസ് വാങ്ങിക്കുന്ന അഭി ഭാഷകരിൽനിന്ന് ഫീസിന്റെ ഒരു വിഹിതം വാങ്ങാമെന്ന ഭേദഗതി കൊണ്ടുവ രുന്നത് നന്നായിരിക്കും. കോർട്ട് ഫീയുടെ ഒരു ശതമാനമെങ്കിലും ക്ഷേമ

നിധി ഫണ്ടിലേയ്ക്ക് ഒടുക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാൽ ഫണ്ടിന്റെ അപര്യാപ്തത ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും. അഭിഭാഷകരുടെ ചികിത്സാസഹായത്തിന് തുക നീക്കിവയ്ക്കണം. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണം. വെൽഫെയർ ഫണ്ട് വാങ്ങിക്കഴിഞ്ഞാൽ അഭിഭാഷകർ പ്രാക്ടീസ് ചെയ്യാൻ പാടില്ല എന്നുള്ളത് ഒഴിവാക്കണം. ലൈബ്രറി സജ്ജീക രിക്കുന്നതിനായി പലിശരഹിത അഡ്വാൻസ് നൽകണം. നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് അഭിഭാഷകത്തൊഴിൽ മാന്യതയുള്ളതാക്കി തീർക്കാൻ ശ്രമിക്കണം. അനിവാര്യമായ ഭേദഗതികൾ വരുത്തി ബിൽ കുറ്റമറ്റ താക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

ശ്രീ. എൻ. അനിരുദ്ധൻ: 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചെറുപ്പക്കാരായ അഭിഭാഷകരെ സഹായി ക്കുന്നതിന് ക്ഷേമനിധിയിൽ വ്യവസ്ഥയുണ്ടാക്കണം. വെൽഫെയർ ഫണ്ടിനാവശ്യമായ തുക സർക്കാർ നീക്കിവയ്ക്കേണ്ടതാണ്. കോർട്ട് ഫീസിന്റെ 1.5% ക്ഷേമനിധിയിലേയ്ക്ക് മാറ്റിവയ്ക്കുന്ന രീതിയിൽ വ്യവസ്ഥ ചെയ്യാൻ കഴിയണം. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ഷെഡ്യൂൾ അനുസരിച്ച് നിശ്ചയിച്ചിരിക്കുന്ന കോൺട്രിബ്യൂഷൻ തുകയായ 5 ലക്ഷംരൂപ 35 വർഷത്തെ പ്രാക്ടീസെങ്കിലും ഇല്ലാത്ത ഒരാൾക്കും കിട്ടുകയില്ല. ഇക്കാര്യത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ മാറ്റമുണ്ടാകണം. 30 വർഷം സർവ്വീസുള്ള ഒരു അഭിഭാഷകന് വെൽഫെയർ ഫണ്ടിൽ നിന്ന് മാക്സിമം 5 ലക്ഷം രൂപ കൊടുക്കാനുള്ള വ്യവസ്ഥ ഉണ്ടാകണം. ഡിസ്-എബിലിറ്റികൊണ്ട് റിട്ടയർ ചെയ്യുന്നവർക്കും 25 വർഷം

പ്രാക്ടീസ് ഉള്ളവർക്കും വെൽഫെയർ ഫണ്ടിൽ നിന്ന് പരമാവധി തുക ലഭിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം. 15-ഉം 25-ഉം രൂപയ്ക്കുള്ള വെൽഫെയർ സ്റ്റാമ്പ് ഒട്ടിക്കുക എന്നുള്ള ഏർപ്പാട് ന്യായീകരിക്കത്തക്കതല്ല. വെൽഫെയർ ഫണ്ട് വർദ്ധിക്കുകയാണെങ്കിൽ അഭിഭാഷകർക്ക് പെൻഷൻ അനുവദിക്കാൻ നടപടിയുണ്ടാകണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> കേരള ബാർ കൗൺസിലുകളും അഭിഭാഷകരുമുൾപ്പെടെ നൽകിയ നിർദ്ദേശങ്ങളാണ് ഈ നിയമത്തിൽ കൊണ്ടുവരുന്നത്. 2008-ൽ കൊണ്ടുവന്ന ഓർഡിനൻസ് എന്ന നിലയ്ക്ക് ഇത് നടപ്പിലാക്കാനും സാമ്പത്തികബാധ്യത ഏറ്റെടുക്കാനും സർക്കാർ സന്നദ്ധമാണ്. ചെറുപ്പക്കാരായ അഭിഭാഷകരുടെ കാര്യം അതർഹിക്കുന്ന രീതിയിൽ പരിഗണിക്കേണ്ടതുണ്ട്. ഈ വിഷയം സബ്ജക്റ്റ് കമ്മിറ്റിയിൽ കൂടുതൽ ചർച്ച ചെയ്യാവുന്നതാണ്. ഈ ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 3.35-ന് പിരിഞ്ഞു.